## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല

## പ്രവചന കാലയളവ് 20.03.2024 മുതൽ 24.03.2024 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 12/2024 (23) ചൊവ്വാഴ്ച | തീയ്യതി 19/03 /2024 |
|---|---|

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 20.03.2024 | 21.03. 2024 | 22.03.2024 | 23.03. 2024 | 24.03.2024 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0 | 0 | 5 | 4 | 0 |
| ഉയർന്ന താപനില (°C) | 38 | 39 | 39 | 39 | 39 |
| കുറഞ്ഞ താപനില (°C) | 26 | 26 | 26 | 26 | 26 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 34 | 34 | 34 | 34 | 34 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 2 | 2 | 2 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 110 | 90 | 70 | 70 | 70 |
| മേഘ വ്യാപ്തി (ഒക്ടാ ) | 4 | 1 | 8 | 8 | 6 |

**കാലാവസ്ഥാ അറിയിപ്പ്:** പാലക്കാട് ജില്ലയിൽ 19.03.2024 മുതൽ 21.03.2024 വരെ കൂടിയ താപനില ഏകദേശം 39 ℃ ആയിരിക്കാൻ സാധ്യതയുണ്ട്.

IMD യുടെ പ്രവാചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത.
കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

**പൊതുനിർദേശങ്ങൾ:** വേനൽച്ചൂടിൽനിന്നും മനുഷ്യരെയും സസ്യങ്ങളെയും, പക്ഷിമൃഗാധികളെയും സംരക്ഷിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ശരീരത്തിന്റെ നിർജലീകരണം തടയാൻ ഇടക്കിടക്ക് ധാരാളം ശുദ്ധജലം കുടിക്കുക. ചൂടുകൂടിയസമയങ്ങളിൽ പുറത്തുപോകുന്നത് കഴിവതും ഒഴിവാക്കുക. അതുവഴി സൂര്യതാപത്തിൽ നിന്നും രക്ഷ നേടാം. കൃഷിപ്പണികൾ ചെയ്യുമ്പോൾ സൂര്യപ്രകാശം നേരിട്ട് ശരീരത്തിൽ പതിക്കാത്തവിധത്തിൽ തൊപ്പി, കുട എന്നിവ ഉപയോഗിക്കുക. ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും വിളകൾക്ക് ആവശ്യഘട്ടങ്ങളിൽ ജലസേചനംകൊടുക്കുകയും, മണ്ണിൽ ആവശ്യത്തിന് ഈർപ്പമുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക. ശക്തിയായ സൂര്യപ്രകാശം ഇല്ലാത്തപ്പോൾ മാത്രം ജലസേചനം കൊടുക്കുക. കണികാജലസേചനത്തിലൂടെ ജലനഷ്ട്ടം ഒരുപരിധിവരെ കുറക്കാനാകും.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (പുഞ്ച) അടിക്കണ പരുവം | ബാക്ടീരിയൽ ഓലകരിച്ചിൽ | നെൽപ്പാടങ്ങളിൽ ബാക്ടീരിയൽ ഓലകരിച്ചിൽ രോഗം കണ്ടുവരുന്നുണ്ട്. രോഗം ശ്രദ്ധയിൽപ്പെട്ടാൽ ഒരു ഏക്കറിന് 2 കിലോഗ്രാം ബ്ലീച്ചിങ് പൗഡർ കിഴികെട്ടി പാടത്തെ വെള്ളക്കെട്ടിൽ ഇട്ടുകൊടുക്കുക. രോഗം അധികരിക്കുകയാണെങ്കിൽ 2 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ച് കൊടുക്കുക. |
| കുരുമുളക് | | കുരുമുളക് നഴ്സറി തയ്യാറാക്കുന്നതിന് ഫെബ്രുവരി-മാർച്ച് മാസത്തിൽ ചെന്തലകൾ മുറിച്ചെടുത്ത് നടാം. ഇതിനായി, മണ്ണ്, മണൽ, കാലിവളം എന്നിവ 1:1:1 എന്ന അനുപാതത്തിൽ ചേർത്ത് പൊളിത്തീൻ കൂടുകൾ നിറയ്ക്കാം.18x12 സെന്റിമീറ്റർ വലുപ്പമുള്ള കവറുകളിൽ 15-20 തുളകൾ ഇട്ടുകൊടുക്കുക. ചെന്തലകളുടെ അഗ്രഭാഗത്തു നിന്നും കടഭാഗത്തു നിന്നും കുറച്ച് ഭാഗം മുറിച്ചുമാറ്റി 2 മുട്ടുകളുള്ള കഷണങ്ങളാക്കാം. ഇലകളുടെ കുറ്റി മാത്രം നിർത്തി, ഒരു കവറിൽ 3 മുതൽ 4 കമ്പുകൾ വരെ നടാം. ഉടൻ തന്നെ തണൽ നൽകുകയും പുതയിടുകയും അല്പം നനയ്ക്കുകയും ചെയ്യുക. 3 മാസമാകുമ്പോൾ മാറ്റി നടാവുന്നതാണ്. |
| പച്ചക്കറികൾ | നീരൂറ്റി കുടിക്കുന്ന പ്രാണികൾ | അന്തരീക്ഷ താപനില ഉയർന്നു നിൽക്കുന്നതിനാൽ പച്ചക്കറികളിൽ നീരൂറ്റി കുടിക്കുന്ന പ്രാണികൾ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ആഴ്ചയിൽ ഒരിക്കൽ 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം ലക്കാനിസീലിയം ലക്കാനി എന്ന മിത്ര കുമിൾ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |

കോഴിവളർത്തൽ -:കോഴിക്കൂടുകൾ പൂർണമായും ഇരുമ്പിന്റെ വല കൊണ്ട് നിർമ്മിച്ചതാണെങ്കിൽ വശങ്ങളിൽ തണൽ നൽകാൻ ശ്രദ്ധിക്കുക. കൂടിനുള്ളിൽ കുടിക്കാൻ ധാരാളം വെള്ളം വച്ച് കൊടുക്കുക.